<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5924</u> <u>08-11-2021 - ൽ മറുപടിയ്ക്ക്</u>

<u>സഹകരണ ബാങ്കുകളെയും സഹകരണ സംഘങ്ങളെയും പുനരുദ്ധരിക്കാൻ ഉത്തേജക പാക്കേജ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹകരണ വകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എത്ര സഹകരണ ബാങ്കുകളും സഹകരണ സംഘങ്ങളും ഉണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകാമോ; | (എ) | സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിൽ റിസർവ്വ് ബാങ്കിന്റെ ബാങ്കിംഗ് ലൈസൻസോടെ പ്രവർത്തിക്കുന്ന കേരള ബാങ്ക്, 59 അർബൻ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് (മലപ്പുറം) ഉൾപ്പെടെ 61 ബാങ്കുകൾ ഉണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1ആയി ചേർക്കുന്നു. സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിൽ 16051 സഹകരണ സംഘങ്ങൾ ഉണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 2 ചേർക്കുന്നു. |
| (ബി) | ഇവയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രവർത്തനം നിലച്ചുപോയവ എത്ര; പുതുതായി രൂപീകരിക്കപ്പെട്ടവ എത്ര; വ്യക്തമാക്കാമോ; | (ബി) | ഇവയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രവർത്തനം നിലച്ചുപോയ സഹകരണ സംഘങ്ങളുടെ എണ്ണം - 13 പുതുതായി രൂപീകരിച്ച സഹകരണ സംഘങ്ങളുടെ എണ്ണം - 78. |
| (സി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ പുനരുദ്ധരിക്കാൻ ഉത്തേജക പാക്കേജിനു രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | സംഘങ്ങളിൽ നിന്നും ലഭിക്കുന്ന Viable projects ന്റെ അടിസ്ഥാനത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന എല്ലാ തരം സഹകരണ സംഘങ്ങളെയും നവീകരിക്കുന്നതിനായി "നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ നവീകരണം" എന്ന പുതിയ ധനസഹായ പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം 1</u>**

| **ജില്ല** | **സഹകരണ ബാങ്കുകൾ(എണ്ണം)** |
|---|---|
| തിരുവനന്തപുരം | 6 |
| കൊല്ലം | 4 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 1 |
| കോട്ടയം | 7 |
| ഇടുക്കി | 5 |
| എറണാകുളം | 2 |
| തൃശ്ശൂർ | 5 |
| പാലക്കാട് | 4 |
| മലപ്പുറം | 8 |
| കോഴിക്കോട് | 8 |
| വയനാട് | 1 |
| കണ്ണൂർ | 5 |
| കാസർഗോഡ് | 2 |
| **ആകെ** | **61** |

**<u>അനുബന്ധം 2</u>**

| **ജില്ല** | **സഹകരണ സംഘങ്ങൾ (എണ്ണം)** |
|---|---|
| തിരുവനന്തപുരം | 2306 |
| കൊല്ലം | 1308 |
| പത്തനംതിട്ട | 668 |
| ആലപ്പുഴ | 1028 |
| കോട്ടയം | 994 |
| ഇടുക്കി | 799 |
| എറണാകുളം | 1471 |
| തൃശ്ശൂർ | 1556 |
| പാലക്കാട് | 931 |
| മലപ്പുറം | 1113 |
| കോഴിക്കോട് | 1316 |
| വയനാട് | 444 |
| കണ്ണൂർ | 1476 |
| കാസർഗോഡ് | 641 |
| **ആകെ** | **16051** |